# എൻ എം സി സി ആശ്വാസ്  നിബന്ധനകൾ

1. ക്യാൻസറോ അനുബന്ധമായ അസുഖങ്ങളോ നിലവിലുള്ളവർക്കോ ചികിൽസിച്ചു ഭേദമാക്കപ്പെട്ടവര്ക്കോ പദ്ധതിയിൽ നേരിട്ടോ ഗുണഭോക്താക്കളായോ അംഗങ്ങളാകുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
2. 60 വയസ്സ് പൂർത്തിയാകാത്ത ഏതൊരു വ്യക്തിക്കും എൻ എം സി സി അസ്വാസ് പദ്ധതിയിൽ 20000 രൂപയോ അതിൽ അധികമോ താഴെ പറയുന്ന ഏതെങ്കിലും ഒരു പദ്ധതി പ്രകാരം  എൻ എം സി സി എൽ എൽ പി യിൽ നിക്ഷേപിച്ച് എൻ എം സി സി  അസ്വാസ് പദ്ധതിയിൽ അംഗമാകാവുന്നതാണ്. 18 വയസ് പൂർത്തിയായവർക്കു മാത്രമേ എൽ എൽ പി യിൽ പാർട്ണർ ആകുവാൻ നിയമം അനുവദിക്കുകയുള്ളു. എന്നാൽ എൻ എം സി സി അസ്വാസ് പദ്ധതിയിൽ അംഗമാകുന്നതിനു തടസ്സമില്ല.

| പദ്ധതി | നിക്ഷേപം | അംഗത്വ ഫീസ് | ആനുകൂല്യം |
|---|---|---|---|
| തദ്ദേശീയർക്ക് | 20000/- | 500/- | 250000/- |
| NRI ക്ക് മാത്രം | 25000/- | 500/- | 300000/- |

- *NRI നിക്ഷേപകർക്ക് ഒരു തദ്ദേശീയ ബന്ധുവിനെ കൂടി ചേർക്കാവുന്നതാണ്.*
- *അധിക ആനുകൂല്യങ്ങൾ ആഗ്രഹിക്കുന്നവർക്ക് മേൽപ്പറഞ്ഞ പദ്ധതികളിലൂടെ ഒന്നിലധികം നിക്ഷേപം നടത്താവുന്നതാണ്.*

പദ്ധതിയിൽ ഗുണഭോക്താവായി ചേരുന്ന  അംഗത്തിന് 70 വയസ്സ് പൂർത്തിയാകുന്നത് വരെ പദ്ധതിയിൽ തുടർന്ന് പോകാം. എന്നാൽ 70 വയസ്സ് പൂർത്തിയാകുന്ന മുറക്ക്പ്രസ്തുത വ്യക്തിയുടെ ചികിത്സാ ആനുകൂല്യങ്ങൾ PALLIATIVE CARE അല്ലെങ്കിൽ MEDICAL BOARDൻറെ നിർദ്ദേശ പ്രകാരമുള്ള MINOR PROCEDURES/ചികിത്സ എന്നിവയിലേക്കായി പരിമിതപ്പെടുത്തുന്നതാണ്.

3. പദ്ധതിയിൽ ചേർന്ന് 12 മാസത്തിനു ശേഷം 70 വയസ്സ് പൂർത്തിയാകുന്നത് വരെയുള്ള കാലയളവിൽ പുതുതായി കണ്ടുപിടിക്കപ്പെടുന്ന  കാൻസർ  സംബന്ധമായ അസുഖങ്ങൾക് മാത്രമേ ചികിത്സാനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ.
4. ചികിത്സ സഹായം ലഭിക്കുന്നതിന് നിക്ഷേപം നടത്തിയിട്ടുള്ള വ്യക്തി രേഖാ മൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്..
5. എൻ എം സി സി AASWAS പദ്ധതിയിൽ  ഏതെങ്കിലും ഒരു ഗുണഭോക്താവിന്  70 വയസ്സ് തികയുകയോ, മറ്റേതെങ്കിലും കാരണവശാൽ പദ്ധതി പ്രകാരം അർഹതയില്ലാതാവുകയോ ചെയ്താൽ പ്രസ്തുത നിക്ഷേപം പിൻവലിക്കുകയോ  ആനുകൂല്യം സ്കീം നിബന്ധനകൾക്കു വിധേയമായി മറ്റു ഗുണഭോക്താക്കൾക്ക്   കൈമാറ്റം ചെയ്യുവാൻ നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. ഇതിനായി നിക്ഷേപകന് രേഖാ  മൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
6. എൻ എം സി സി AASWASപദ്ധതിക്കായി നിക്ഷേപം നടത്തിയ വ്യക്തി മരണപ്പെട്ടാൽ പ്രസ്തുത നിക്ഷേപത്തിന് നോമിനിയായി നിശ്ചയിച്ചിട്ടുള്ള ഗുണഭോക്താവിന്റെ രേഖമൂലമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ പദ്ധതി തുടർന്ന് പോകാവുന്നതാണ്. എന്നാൽ പുതുതായി ചേർക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അംഗത്തിന് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് പദ്ധതിയിൽ ചേർന്ന് ഒരു വർഷം പൂർത്തിയാക്കേണ്ടതാണ്.

7. പദ്ധതിയിൽ അംഗങ്ങളായി ചേരുന്നവർക്കു കാൻസർ സംബന്ധമായ രോഗത്തിന് NMCC HOSPITAL സംബന്ധമായ ബില്ലുകൾ പ്രകാരമുള്ള തുകക്കായിരിക്കും സൗജന്യ ചികിത്സക്ക് അർഹതയുണ്ടായിരിക്കുന്നത്. എം എൻ എം സി സി ഹോസ്പിറ്റൽ പ്രവർത്തന സജ്ജമാകുന്നത് വരെ ഒന്നാം നമ്പർ പദ്ധതി പ്രകാരം ചേർന്നവർക്ക് 170000/- രൂപ വരെയും രണ്ടാം പദ്ധതി പ്രകാരം ചേർന്നവർക്ക് 200000/-രൂപ വരെയും മറ്റു ആശുപത്രിയിൽ കാൻസർ ചികിത്സ തേടിയാൽ എൻ എം സി സി ആശ്വാസ് പദ്ധതിയിൽ നിന്ന് നൽകുന്നതായിരിക്കും.(ഗുണിതങ്ങൾക്ക് ആനുപാതികമായി ആനുകൂല്യം ലഭിക്കുന്നതായിരിക്കും.)
8. അതാതു കാലത്തുള്ള നിബന്ധനകൾക്ക് വിധേയമായി പദ്ധതിയിൽ നിലവിലുള്ള ഗുണഭോക്താക്കളെ നീക്കം ചെയ്യുന്നതിനും പുതുതായി ഗുണഭോക്താക്കളെ ചേർക്കുന്നതിനും സൗകര്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ പുതുതായി ഗുണഭോക്താക്കളെ ചേർക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അംഗത്തിന് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് പദ്ധതിയിൽ ചേർന്ന് ഒരു വർഷം പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിൽ അംഗങ്ങളെ ചേർക്കുമ്പോഴും കാൻസർ സംബന്ധമായ രോഗങ്ങൾ ഉണ്ടായിരിക്കാൻ പാടില്ല.
9. ചികിത്സാനുകൂല്യം ലഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട എൻ എം സി സി എൽ എൽ പി പാർട്ണർഷിപ് കാലാവധി പരിഗണിക്കാതെ പിൻവലിക്കാവുന്നതാണ്.
10. പദ്ധതിയിൽ അംഗമായി ചേരുന്നതിനു മെഡിക്കൽ ചെക്ക് അപ്പ് ആവശ്യമില്ല.എന്നാൽ നിലവിൽ കാൻസർ രോഗ ബാധിതനല്ല എന്നും മുമ്പ് രോഗം വന്നിട്ടില്ല എന്നും സത്യപ്രസ്താവന ഒപ്പിട്ടു നൽകേണ്ടതാണ്.ഗുണഭോക്താക്കളായി ചേരുന്ന അംഗങ്ങൾക്ക് പദ്ധതിയിൽ ചേരുന്ന സമയം നിലവിലുള്ള ക്യാൻസറോ കാൻസർ സംബന്ധമായ രോഗങ്ങളോ ഉണ്ടായിരുന്നത് ബോധപൂർവം മറച്ചു വെച്ചുകൊണ്ടാണ് പദ്ധതിയിൽ ചേർന്നിട്ടുള്ളത് എന്ന് ചികിത്സ വേളയിൽ കണ്ടെത്തുകയും പദ്ധതി പ്രകാരം ഏതെങ്കിലും വിധ ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്താൽ പ്രസ്തുത തുക തിരിച്ചു പിടിക്കുന്നതിനു എൻ എം സി സി എൽ എൽ പി ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.ഇക്കാര്യത്തിൽ എൻ എം സി സി മെഡിക്കൽ ബോർഡിൻറെ തീരുമാനം അന്തിമമായിരിക്കും.
11. ചികിത്സ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ എൻ എം സി സി Aaswas അംഗത്വ കാർഡ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.കൂടാതെ എൻ എം സി സി എൽ എൽ പി യിൽ നിന്നും പാർട്ണർഷിപ് പിൻവലിക്കുന്നതിനായി എൻ എം സി സി Aaswas അംഗത്വ കാർഡ് നിക്ഷേപ രസീതിയോടൊപ്പം മടക്കി നൽകേണ്ടതാണ്.
12. ഒരു വർഷത്തിനു മുമ്പ് നിക്ഷേപം അവസാനിപ്പിക്കുന്ന പക്ഷം യൂണിറ്റൊന്നിനു ആയിരം(500) രൂപ പ്രകാരം എൻ എം സി സി എൽ എൽ പി യിൽ അംഗത്വം ക്ലോസിങ് ചാർജ് ആയി നൽകേണ്ടതാണ്.
13. പദ്ധതി സംബന്ധിച്ച പരാതികൾ NMCCLLP DESIGNATED PARTNER ക്ക് രേഖാ മൂലം സമർപ്പിക്കേണ്ടതും പരാതികൾ എൻ എം സി സി എൽ എൽ പി വിദഗ്ധ സമിതി പരിശോധിക്കുന്നതും പരാതിയിന്മേൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.
14. പദ്ധതിയുടെ വ്യവസ്ഥകളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ എൻ എം സി സി എൽ എൽ പി ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
15.

എൻ എം സി സി AASWAS പദ്ധതി സംബന്ധിച്ച എല്ലാ നിബന്ധനകളും വായിച്ചു ബോധ്യപ്പെടുകയും അംഗീകരിക്കുകയും ചെയ്യുന്നു.

സ്ഥലം :　　　　　　　　　　അപേക്ഷകന്റെ പേര് :

തിയ്യതി:　　　　　　　　　　ഒപ്പ്: